(ഡി) നിലവിലുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	517
കണ്ണൂർ	2141
വയനാട്	11
തൃശ്ശൂർ	98
എറണാകുളം	104
ഇടുക്കി	28
കോട്ടയം	23
ആലപ്പുഴ	ഇല്ല
മലപ്പുറം	ഇല്ല
പത്തനംതിട്ട	ഇല്ല
കാസർഗോഡ്	ഇല്ല
കൊല്ലം	ഇല്ല
പാലക്കാട്	74
കോഴിക്കോട്	32
ആകെ	3028

(ഇ) അനുബന്ധം II ആയി ചേർക്കുന്നു.*

സംസ്ഥാനത്തെ വൃദ്ധ സദനങ്ങൾ

325 (3612) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വൃദ്ധസദനങ്ങളുണ്ടെന്നും ഓരോ വൃദ്ധ സദനത്തിലും എത്ര അന്തേവാസികളുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ ;

(സി) ഈ സദനങ്ങളുടെ മേൽ സർക്കാരിന് എന്തെല്ലാം നിയന്ത്രണങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി 15 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 4 എണ്ണം വികലാംഗ വൃദ്ധസദനങ്ങളാണ്. സന്നദ്ധ സംഘടനകൾ നടത്തുന്ന 532 വൃദ്ധസദനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 20680 അന്തേവാസികളുണ്ട്. ഓരോ സ്ഥാപനങ്ങളിലുമുള്ള അന്തേവാസികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) സർക്കാർ ധനസഹായം ലഭിയ്ക്കുന്ന സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ ഒരു അന്തേവാസിക്ക് 800 രൂപ ഗ്രാന്റിന് അർഹതയുണ്ട്. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട ഒരു അന്തേവാസിക്ക് പ്രതിമാസം ഒരു രൂപ നിരക്കിൽ 5 കിലോഗ്രാം അരി നൽകുന്നു. കൂടാതെ 3 കിലോഗ്രാം ഗോതമ്പും 400 ഗ്രാം പഞ്ചസാരയും ബി.പി.എൽ. നിരക്കിൽ നൽകുന്നു. സമീപ പ്രദേശത്തുള്ള സർക്കാർ ആശുപത്രിയിൽ നിന്ന് വൈദ്യസഹായം നൽകുന്നുണ്ട്. സ്ഥാപനങ്ങൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതിയും കുടിവെള്ളവും നൽകുന്നു.

(സി) സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡാണ് അംഗീകാരം നൽകുന്നത്. ഗ്രാന്റ് സ്വീകരിയ്ക്കുന്ന സ്ഥാപനങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ആഡിറ്റിന് വധേയമാണ്.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന ഡോ. ജയരാജന്റെ റിപ്പോർട്ട്

326 (3613) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദീൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന ഡോ. ജയരാജൻ, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.